കാരുണ്യ ബെനവലന്റ് ഫണ്ട്

21 (* 51) ശ്രീ. കെ. അച്ചുതൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. വർക്കല കഹാർ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാരുണ്യ ബെനവലന്റ് ഫണ്ട് സൗജന്യ ചികിത്സാ പദ്ധതി പ്രകാരം എന്തെല്ലാം ലക്ഷ്യങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട് ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയനുസരിച്ച് ഏതെല്ലാം രോഗങ്ങൾക്കുള്ള ചികിത്സാ സഹായമാണ് നൽകിവരുന്നത് ; വിശദമാക്കുമോ ;

(സി) ഏതെല്ലാം തരം ആശുപത്രികളെയാണ് പ്രസ്തുത പദ്ധതി പ്രകാരമുള്ള ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) ചികിത്സാ ധനസഹായം യഥാസമയം രോഗികൾക്ക് ലഭിക്കാൻ എന്തെല്ലാം ക്രമീകരണങ്ങൾ ഒരുക്കിയിട്ടുണ്ട് ; വിശദമാക്കുമോ ;

(ഇ) പ്രസ്തുത പദ്ധതി വിപുലീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ?

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) 1. 26-2-2015 വരെ 56238 രോഗികൾക്ക് 642.58 കോടി രൂപ ചികിൽസാ ധനസഹായമായി അനുവദിച്ചിട്ടുണ്ട്. ഇതു കൂടാതെ ഒറ്റതവണ ചികിൽസാ ധനസഹായമായി 25966 രോഗികൾക്കായി 7.79 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

2. സംസ്ഥാനത്തെ 5 മെഡിക്കൽകോളേജ് ആശുപത്രികളിൽ (തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട്) 10 ഡയാലിസിസ് മെഷീനുകൾ വീതമുള്ള കാരുണ്യ ഡയാലിസിസ് സെന്ററുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിൽ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലുള്ള കാരുണ്യ ഡയാലിസിസ് സെന്റർ 11-7-2013 മുതൽ പൂർണ്ണ രീതിയിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കോട്ടയം മെഡിക്കൽ കോളേജ് ഒഴികെ, കോഴിക്കോട്, ആലപ്പുഴ, തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ സെന്ററുകളുടെ നിർമ്മാണം തുടങ്ങുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

3. 1059 ഹീമോഫീലിയ രോഗികളെ പ്രത്യേകമായി രജിസ്റ്റർ ചെയ്ത് അത്യാവശ്യ ഘട്ടങ്ങളിൽ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിലൂടെ ഫാക്ടർ (മരുന്ന്) നൽകുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്.

4. ഹീമോഫീലിയ രോഗികൾക്ക് അനുവദിച്ചിട്ടുള്ള 2 ലക്ഷം രൂപയുടെ പരിധി കഴിഞ്ഞാൽ അധികമായി 1 ലക്ഷം രൂപകൂടി (ആകെ 3 ലക്ഷം രൂപ) ചികിൽസാധനസഹായമായി അനുവദിക്കുന്നതിനും അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയിൽ രോഗിക്കു പുറമെ അവയവദാതാവിനുള്ള ചികിൽസയ്ക്കായി കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും ഒരു ലക്ഷം രൂപാ കൂടി അനുവദിക്കുന്നതിനും സ.ഉ.(സാധ.) നമ്പർ 810/2014/നി.വ. തീയതി 14-10-2014 പ്രകാരം തീരുമാനിച്ചിട്ടുണ്ട്.

5. സർക്കാർ ആശുപത്രികൾക്ക് പുറമെ 72 സർക്കാരിതര അക്രഡിറ്റഡ് ആശുപത്രികളിൽ കൂടി ചികിൽസാ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. വൃക്കരോഗികൾക്ക് യഥാസമയം ഡയാലിസിസ് ലഭ്യമാക്കുന്നതിന് പദ്ധതി വ്യവസ്ഥകളും നിരക്കുകളും അനുസരിച്ച് ചികിൽസ നൽകാനായി സംസ്ഥാനത്തെ 31 സ്വകാര്യ ഡയാലിസിസ് സെന്ററുകൾക്ക് അംഗീകാരം നൽകുകയും അവയിൽ 27 എണ്ണം പ്രവർത്തനക്ഷമവുമാണ്.

6. കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ സഹായത്തോടെ സംസ്ഥാനത്തെ 27 ജില്ല/താലൂക്ക് സർക്കാർ ആശുപത്രികളിൽ കൂടി സംസ്ഥാന ആരോഗ്യ വകുപ്പ് ഡയാലിസിസ് സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ക്യാൻസർ, ഹൃദ്രോഗം, വൃക്കരോഗം, തലച്ചോർ, കരൾ എന്നിവയുള്ള സർജറി ഉൾപ്പെടെയുള്ള ചികിൽസ, ഹീമോഫീലിയ, പാലിയേറ്റീവ് കെയർ, ഗുരുതരമായ ശ്വാസകോശ രോഗങ്ങൾ, നട്ടെല്ല്, സുഷുമ്നാനാഡി എന്നിവയ്ക്ക് സംഭവിക്കുന്ന മാരകമായ രോഗങ്ങൾ എന്നിവയ്ക്കാണ് ചികിൽസാ ധനസഹായം നൽകി വരുന്നത്. കൂടാതെ വൃക്ക, കരൾ, ഹൃദയം എന്നിവ മാറ്റിവയ്ക്കുന്നതിനും ചികിൽസാ ധനസഹായം നൽകിവരുന്നു.

(സി) കാരുണ്യാ ചികിൽസാ പദ്ധതിയിൽ ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ സർക്കാർ ആശുപത്രികളെ മാത്രമാണ് ഉൾപ്പെടുത്തിയിരുന്നത്. നിലവിൽ സഹകരണ മെഡിക്കൽ കോളേജുകളും, സ്വാശ്രയ മെഡിക്കൽ കോളേജുകളും പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട്

LIBRARY ARCHIVES Kerala Legislative Assembly

ഓഫ് മെഡിക്കൽ സയൻസസ്, റീജിയണൽ ക്യാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ എന്നീ ടെർഷ്യറി ആശുപത്രികളിൽ ചികിൽസ തേടുന്നവർക്കും ചികിൽസാ ധനസഹായം അനുവദിച്ചിരുന്നു. തുടർന്ന് വിദഗ്ധ ചികിൽസാ സൗകര്യങ്ങളുള്ളതും നിശ്ചിത പാക്കേജും നിരക്കുകളും അനുസരിച്ച് ചികിൽസ നടത്താൻ തയ്യാറായി ഒപ്പുവച്ചിട്ടുള്ളതുമായ 72 സർക്കാരിതര ആശുപത്രികളിലും ചികിൽസാ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. തെരഞ്ഞെടുത്ത 27 സ്വകാര്യ ഡയാലിസിസ് സെന്ററുകളിൽ ചികിൽസാ സൗകര്യം ലഭ്യമാണ്. ഇതുകൂടാതെ 27 താലൂക്ക്തല സർക്കാർ ആശുപത്രികളിലും ഡയാലിസിസ് ചികിൽസക്ക് സൗകര്യം ലഭ്യമാക്കാനാവശ്യമായ തുടർ നടപടികൾ നടന്നുവരുന്നു.

(ഡി) 1. സർക്കാർ ആശുപത്രികളിൽ ചികിൽസ തേടുന്ന രോഗികൾക്ക് അടിയന്തര ഘട്ടങ്ങളിൽ സർജറി ഉൾപ്പെടെയുള്ള ചികിൽസ ആവശ്യമായി വന്നാൽ 24 മണിക്കൂറിനുള്ളിൽ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ പ്രീ ആതറൈസേഷൻ നൽകുന്നതാണ്.

2. അടിയന്തര ഘട്ടങ്ങളിൽ അപേക്ഷ നൽകുന്നതിനു മുമ്പ് സർക്കാർ ആശുപത്രികളിൽ സർജറിക്ക് വിധേയരാകേണ്ടിവരുന്ന ഗുണഭോക്താക്കൾ സർജറി കഴിഞ്ഞ് 72 മണിക്കൂറിനുള്ളിൽ ബന്ധപ്പെട്ട ജില്ലാ ഭാഗ്യക്കുറി ഓഫീസർക്ക് അപേക്ഷ സമർപ്പിച്ചാലും ധനസഹായത്തിനായി പരിഗണിക്കുന്നതാണ്.

3. സർക്കാർ ആശുപത്രികളിൽ ചികിൽസ തേടിയിട്ടുള്ള അപേക്ഷകരുടെ അപേക്ഷ സംസ്ഥാന ആഫീസിലേക്ക് ശിപാർശ ചെയ്തിട്ടുള്ള കേസ്സുകളിൽ അടിയന്തരമായി സർജറി ഉൾപ്പെടെയുള്ള ചികിൽസ ആവശ്യമായി വന്നാൽ 12 മണിക്കൂറിനുള്ളിൽ പ്രീ ആതറൈസേഷൻ നൽകുന്നതാണ്.

4. പ്രധാനപ്പെട്ട ആശുപത്രികളിൽ അടിയന്തര ചികിൽസ തടസ്സം കൂടാതെ നടത്തുന്നതിനായി ഇംപ്രസ്റ്റ് ഫണ്ട് നൽകിയിട്ടുണ്ട്. അപേക്ഷ പ്രോസ്സസ് ചെയ്യുന്നതിലുള്ള കാലതാമസം ഒഴിവാക്കുന്നതിനായി ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ഇ) നിശ്ചിത രോഗങ്ങൾക്ക് ആവശ്യമായ വിദഗ്ധ ചികിൽസാ സൗകര്യങ്ങളുള്ള എല്ലാ സർക്കാർ ആശുപത്രികളിലും പരിയാരം സഹകരണ മെഡിക്കൽ കോളേജ് ആശുപത്രിയിലും ശ്രീ ചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, റീജിയണൽ ക്യാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ എന്നീ ടെർഷ്യറി ആശുപത്രികളിൽ ചികിൽസ തേടുന്നവർക്കുമാണ് ആദ്യ ഘട്ടത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ചികിൽസാ ധനസഹായം ലഭിച്ചിരുന്നത്. തുടർന്ന് വിദഗ്ധ ചികിൽസാ സൗകര്യങ്ങളുള്ളതും നിശ്ചിത ചികിൽസാ പാക്കേജുള്ളും നിരക്കുകളും അനുസരിച്ച് ചികിൽസ നടത്താൻ തയ്യാറായി കരാർ ഒപ്പുവച്ചിട്ടുള്ളതുമായ 72 സർക്കാരിതര ആശുപത്രികളിലും ചികിൽസാ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. 27 സ്വകാര്യ ഡയാലിസിസ് സെന്ററുകളിൽ ചികിൽസാ സൗകര്യം ലഭ്യമാണ്. ഇത് കൂടാതെ, 27 താലൂക്ക് തല സർക്കാർ ആശുപത്രികളിലും ഡയാലിസിസ് ചികിൽസക്ക് സൗകര്യം ലഭ്യമാക്കാനാവശ്യമായ തുടർ നടപടികൾ നടന്നുവരുന്നു. സംസ്ഥാനത്തെ 5 മെഡിക്കൽകോളേജ് ആശുപത്രികളിൽ (തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട്) 10 ഡയാലിസിസ് മെഷീൻ വീതമുള്ള കാരുണ്യ ഡയാലിസിസ് സെന്ററുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിൽ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലുള്ള കാരുണ്യ ഡയാലിസിസ് സെന്റർ 11-7-2013 മുതൽ പൂർണ്ണരീതിയിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ആലപ്പുഴ മെഡിക്കൽ കോളേജിലെ ഡയാലിസിസ് സെന്ററിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. കോട്ടയം മെഡിക്കൽ കോളേജ് ഒഴികെ, കോഴിക്കോട്, തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ സെന്ററുകളുടെ നിർമ്മാണം തുടങ്ങുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

ദൂരസ്ഥലങ്ങളിൽനിന്നും വരുന്ന രോഗികൾക്കും അവരുടെ കൂട്ടിരിപ്പുകാർക്കും ചുരുങ്ങിയ ചെലവിൽ വിശ്രമിക്കുന്നതിനും താമസിക്കുന്നതിനും സൗകര്യമേർപ്പെടുത്തുക എന്ന ഉദ്ദേശത്തോടെ കാരുണ്യ ഹോമുകൾ നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത ഹോമുകളുടെ നിർമ്മാണ പ്രവർത്തന രീതിയെക്കുറിച്ചുള്ള വിശദാംശങ്ങൾ തയ്യാറായി വരുന്നു. വൃക്കമാറ്റിവയ്ക്കുന്ന രോഗികൾക്ക് വൃക്ക നൽകുന്ന വ്യക്തിക്ക് ഈ പദ്ധതിയിൽനിന്നും 1 ലക്ഷം രൂപ കൂടി അനുവദിക്കാൻ ഉത്തരവായിട്ടുണ്ട്. ഒരു കുടുംബത്തിൽ ഒന്നിലധികം ഹീമോഫീലിയ രോഗികൾ ഉണ്ടെങ്കിൽ ഭാരിച്ച ചികിൽസാ ചെലവ് കണക്കിലെടുത്ത് ഓരോ രോഗിക്കും 2 ലക്ഷം രൂപക്കുള്ള ചികിൽസാ ധനസഹായം നൽകുന്നതിനും തീരുമനിച്ചിട്ടുണ്ട്. ഹീമോഫീലിയ രോഗികൾക്ക് നിലവിൽ നൽകി വരുന്ന 2 ലക്ഷം രൂപ ചികിൽസാ ധനസഹായത്തിനുപരിയായി 1 ലക്ഷം രൂപ കൂടി അനുവദിക്കാനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ BPL കുടുംബങ്ങളിലുള്ള ഹീമോഫീലിയ രോഗികൾക്ക് പരിധിയില്ലാതെ ധനസഹായം ലഭ്യമാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly